DESPATCHED
On 29/06/2020

04/03/2020

# സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം

തിരുവനന്തപുരം_695 001
Tel: 0471 2561600/2561614/2561603/2332533, Fax: 0471 2330920
Email: sic.ker@nic.in

**ഹർജി നമ്പർ AP.No.680(4)/2015/SIC തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**
**File No.4343/SIC-Gen 2/2015**
സന്നിഹിതൻ
**ശ്രീ.കെ.വി.സുധാകരൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

ശ്രീ. സോഹൻ .എം,
'വൈഷ്ണവി',
ഇ.എസ്.ഐ. ഹോസ്പിറ്റലിന് സമീപം,
ഫറോക്ക്, കോഴിക്കോട്. } അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ & സീനിയർ സൂപ്രണ്ട്, റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ്, മലപ്പുറം.
2. അപ്പീലധികാരി & റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ, റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ്, മലപ്പുറം.

} എതിർകക്ഷികൾ

## ഉത്തരവ്

വിവരാവകാശ അപേക്ഷയ്ക്ക് അപൂർണ്ണവും അവ്യക്തവുമായ മറുപടി യാണ് ലഭിച്ചതെന്ന് ആരോപിച്ചാണ് അപ്പീൽ ഹർജിക്കാരൻ കമ്മീഷന് അപ്പീൽ നൽകിയത്. കോഴിക്കോട് എയർപോർട്ട് പ്രവേശന കവാടത്തിനടുത്തുള്ള കാർഗോ ഓഫീസിനു മുന്നിൽ പാസഞ്ചർ ഓട്ടോറിക്ഷകളുടെ പാർക്കിങ്ങുമായി ബന്ധപ്പെട്ട വിവരങ്ങളാണ് ടിയാൻ ആവശ്യപ്പെട്ടിരുന്നത്.

2. ഇതുമായി ബന്ധപ്പെട്ട് കമ്മീഷന്റെ നിർദ്ദേശപ്രകാരം രണ്ടാം എതിർകക്ഷി 02.05.15ൽ കമ്മീഷന് റിപ്പോർട്ട് സമർപ്പിച്ചു.

അപ്പീൽ ഹർജിക്കാരന്റെ അപേക്ഷയിലെ 3,6 ഇനങ്ങളിലെ ചോദ്യങ്ങൾക്കാണ് കൃത്യമായ മറുപടി ലഭിച്ചില്ല എന്ന പരാതിയുള്ളതെന്ന് റിപ്പോർട്ടിൽ പറഞ്ഞു.

3. 3-ാം നമ്പർ ചോദ്യത്തിൽ എത്ര ഓട്ടോ റിക്ഷകൾക്കാണ് പെർമിറ്റ് നൽകിയിരിക്കുന്നത് എന്നാണു ചോദിച്ചിരുന്നതെന്നും, അതിനു മറുപടി നൽകിയതാണെന്നും, പിന്നീട് രണ്ടാം അപ്പീലിലാണ് ഓട്ടോറിക്ഷകളുടെ നമ്പർ ചോദിച്ചതെന്നും, ഇത് നിയമപരമായി നൽകാൻ കഴിയുന്നതല്ലെന്നും റിപ്പോർട്ടിൽ വിശദമാക്കി. കാർഗോ ഓഫീസ് സ്ഥിതി ചെയ്യുന്ന സ്ഥലം തിരൂരങ്ങാടി സബ് റീജിയണൽ ട്രാൻസ്പോർട്ട്

ഓഫീസിന്റെ പരിധിയിൽ വരുന്നതിനാലാണ് അങ്ങനെ മറുപടി നൽകിയതെന്നും റിപ്പോർട്ടിൽ ചൂണ്ടിക്കാട്ടുകയുണ്ടായി.

4. ഇതിനു ശേഷം 02.02.19ൽ മലപ്പുറം കളക്ടറേറ്റിലെ വീഡിയോ കോൺഫറൻസിങ് സംവിധാനം വഴി ഹിയറിംഗ് നടത്തി. അപ്പീൽ ഹർജിക്കാരൻ ഹാജരായില്ല. ഒന്നാം എതിർകക്ഷി ഹാജരായി.

5. അപേക്ഷയിൽ പറയാത്ത കാര്യമാണ് അപ്പീൽ ഹർജിക്കാരൻ മൂന്നാം ചോദ്യത്തിൽ (അപ്പീലിൽ) ഉന്നയിച്ചതെന്നും, അതിന് മറുപടി നൽകാൻ നിയമപരമായി കഴിയില്ലെന്നും ഒന്നാം എതിർകക്ഷി മൊഴി നൽകി. ബാക്കി വിവരങ്ങൾ നൽകിയതാണെന്നും ടിയാൻ പറഞ്ഞു.

6. ഒന്നാം എതിർകക്ഷിയുടെ മൊഴിയും, അനുബന്ധ രേഖകളും കമ്മീഷൻ പരിശോധിച്ചു. ഒന്നാം എതിർകക്ഷി പറയുന്ന കാര്യങ്ങൾ വസ്തുതാപരവും, നിയമപരവുമാണെന്ന് കമ്മീഷൻ നിരീക്ഷിക്കുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ അപ്പീൽ ഹർജിയിന്മേൽ തുടർ നടപടികൾ അവസാനിപ്പിച്ചുകൊണ്ട് ഇന്നേ ദിവസം, 2020 മാർച്ച് മാസം 4-ാം തീയതി കമ്മീഷൻ ഉത്തരവാകുന്നു.

(ഒപ്പ്)
**കെ.വി.സുധാകരൻ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

**കമ്മീഷൻ സെക്രട്ടറി**

STATE INFORMATION COMMISSION KERALA, THIRUVANANTHAPURAM

gk.